**A** **GI 512**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

## മലയാളം

## അടിസ്ഥാന പാഠാവലി

ക്ലാസ് : 5 — സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറാൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. **അഞ്ചിലധികം** പ്രവർത്തനങ്ങൾക്ക് കുട്ടി ഉത്തരമെഴുതിയിട്ടുണ്ടെങ്കിൽ ഏറ്റവും മികച്ച സ്കോർ നേടിയ **5 പ്രവർത്തനങ്ങളാണ്** ഓവറാൾ ഗ്രേഡിന് പരിഗണിക്കേണ്ടത്.

---

പ്രവർത്തനം : 1 വായിക്കാം എഴുതാം

പഠനനേട്ടം: കഥ കവിത എന്നിവ വായിച്ച് ആസ്വദിക്കുകയും യുക്തിപൂർവം വിശകലനം ചെയ്യുകയും ചെയ്യുന്നു

സൂചകങ്ങൾ

1. വിണ്ണ്. (1)
2. നല്ലൊരു നാളെ വരാൻ. (1)
3. പ്രകൃതിയെ മലിനമാക്കരുത്. (1)
4. കുന്നുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതിനാൽ. (1)
5. മരങ്ങൾ ധാരാളം നട്ടുവളർത്താം. (1)

പ്രവർത്തനം : 2 വാങ്മയ ചിത്രം

പഠനനേട്ടം: ഒരു വ്യക്തിയുടെ /സ്ഥലത്തിന്റെ/സംഭവത്തിന്റെ രൂപഭാവങ്ങളും സവിശേഷതകളും വായനക്കാരന് ചിത്രത്തിൽ കാണുന്നതുപോലെ ആസ്വദിക്കാൻ കഴിയുംവിധം വാക്കുകൾകൊണ്ട് അവതരിപ്പിക്കുന്നു.

സൂചകങ്ങൾ

1. തന്നിട്ടുള്ള ചിത്രത്തെയും സൂചനകളെയും സമഗ്രമായി ഉൾക്കൊണ്ടിട്ടുണ്ട്. (1)
2. സവിശേഷ ഭാവങ്ങളെ വ്യക്തമാക്കുന്ന വിവരണം നൽകിയിട്ടുണ്ട്. (1)
3. അനുയോജ്യമായ ഭാഷ( സൂക്ഷ്മാംശം ചുരുങ്ങിയ വാക്കുകളിൽ) സ്വീകരിച്ചിട്ടുണ്ട്. (1)
4. ഗാന്ധിജിയെ പൂർണമായും വായനക്കാരന് മനസിൽ കാണാൻ കഴിയും വിധം എഴുതിയിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം : 3 വിശകലനക്കുറിപ്പ്

പഠനനേട്ടം : സ്വാംശീകരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

സൂചകങ്ങൾ

1. നൽകിയിട്ടുള്ള അനുഭവത്തെ പഴഞ്ചൊല്ലിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തിട്ടുണ്ട്(1)
2. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും കാര്യകാരണബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. (2)
3. ആശയക്രമീകരണം സംക്ഷിപ്തത എന്നിവ പാലിച്ചിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം : 4 ആസ്വാദനക്കുറിപ്പ്

പഠനനേട്ടം : കവിതയിലെ ആശയം, പ്രയോഗഭംഗി, പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടിലൂടെ ആസ്വാദനതലങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുന്നു.

സൂചകങ്ങൾ

1. കവിതയുമായി ബന്ധപ്പെട്ട ആശയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട് (1)
2. സ്വന്തം നിരീക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട് (1)
3. അനുയോജ്യമായ ഭാഷ ( പ്രയോഗങ്ങൾ, പദച്ചേർച്ച) ഉപയോഗിച്ചിട്ടുണ്ട് (1)
4. സവിശേഷ പ്രയോഗങ്ങൾ പദ-വാക്യഭംഗി എന്നിവ കണ്ടെത്തിയിട്ടുണ്ട് (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

പ്രവർത്തനം : 5 താരതമ്യക്കുറിപ്പ്

പഠനനേട്ടം : രചനകളിലെ ആശയങ്ങൾ, വ്യത്യസ്തങ്ങളായ പ്രയോഗങ്ങൾ, മറ്റു രചനാ തന്ത്രങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് താരതമ്യം ചെയ്യുന്നു.

സൂചകങ്ങൾ

1. പ്രപഞ്ചത്തിലെ എല്ലാവരെയും സ്നേഹിക്കണം എന്ന ആശയം ഉൾക്കൊണ്ട് താരതമ്യത്തിന് വിധേയമാക്കിയിട്ടുണ്ട് (1)
2. അനുയോജ്യമായ ഭാഷ (സവിശേഷ പദപ്രയോഗങ്ങൾ) സ്വീകരിച്ചിട്ടുണ്ട് (1)
3. സ്വന്തം നിരീക്ഷണങ്ങൾ, നിലപാടുകൾ, ഉദാഹരണങ്ങൾ എന്നിവ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)
4. ആശയത്തെ സമഗ്രമായി ഉൾക്കൊണ്ട് താരതമ്യം ചെയ്തിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം : 6 ലഘു ഉപന്യാസം

പഠനനേട്ടം: സ്വാംശീകരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ലഘുക്കുറിപ്പുകൾ അവതരിപ്പിക്കുന്നു.

സൂചകങ്ങൾ

1. 'സഹജീവി സ്നേഹം' എന്ന ആശയം പ്രചോദനാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
2. അനുയോജ്യമായ ഭാഷ (സവിശേഷ പ്രയോഗങ്ങൾ) സ്വീകരിച്ചിട്ടുണ്ട്. (1)
3. സംക്ഷിപ്തത, ആശയക്രമീകരണം എന്നിവ പാലിച്ചിട്ടുണ്ട്. (1)
4. സ്വന്തം നിലപാടുകൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)